കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അവണ്ണൂർ ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (പി3)1807/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഇമെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി: 01.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അവണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :അവണൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അവണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ (പി3)1807/2018 തീയതി: 01.12.2018

## തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.17മുതൽ 31.03.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2017-18 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ കെ.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.10.2018 മുതൽ 31.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലിസ്സി റ്റി ജെ | ഓഡിറ്റ് ഓഫീസർ |
| | പ്രശാന്ത് റ്റി.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ചൈതന്യ പുരുഷോത്തമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | സ്റ്റാൻലി പി.എസ് | സീനിയർ ഗ്രേഡ് |

| | | |
|---|---|---|
| | | ഓഡിറ്റർ |
| | ജോയ്സൻ സി.ജെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | വിജയബാബുരാജ് | 01.04.2017-31.03.2018 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | പി ജി ദിലീപ്കുമാർ | 01.04.2017-31.03.2018 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | എ എൻ രഘുനനന്ദനൻ | 01.04.2017-31.03.2018 |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശാലിനി സുലോചനൻ | 01.04.2017-31.03.2018 |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ധന്യ എ എൻ | 01.04.2017-31.03.2018 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | കെ ബി രെജി, | 01/04/2017 മുതൽ 31/03/2018 വരെ |
| കൃഷി ഓഫീസർ | പി ജി സോമകുമാർ | 01/04/2017 മുതൽ 31/03/2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സന്ധ്യ കൃഷ്ണൻ സി | 01/04/2017 മുതൽ 17/05/2017 FN വരെ |
| | അനൂപ് പി.എൻ | 17/05/2017 AN മുതൽ 06/10/2017 വരെ |

| | | |
|---|---|---|
| | കെ.കെ.രാജീവ് | 07/10/2017 മുതൽ 06/11/2017 വരെ |
| | അഞ്ജലി പി.കെ | 07/11/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മിഥുൻ റോഷ് സി കെ | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | സ്മൃതി പി എസ് | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | കൃപ വി എസ് | 01/04/2017മുതൽ 31/03/2018 വരെ |
| വെറ്ററിനറി സർജൻ | പി സി പുഷ്ക്കരൻ | 01/04/2017 മുതൽ 31/03/2018 വരെ |
| പ്രധാന അദ്ധ്യാപിക | സൈമി ടി വി | 01/04/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ അവണൂർ സർക്കിൾ | അബ്ദുൾ ജലാൽ | 01/04/2017 മുതൽ 30/06/2017 വരെ |
| വി.ഇ.ഒ അവണൂർ സർക്കിൾ | മിനി വി എൻ | 01/07/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ ചൂലിശ്ശേരി സർക്കിൾ | അബ്ദുൾ ജലാൽ | 01/04/2017 മുതൽ 23/08/2017 വരെ |
| വി.ഇ.ഒ ചൂലിശ്ശേരി സർക്കിൾ | മിനി വി എൻ | 24/08/2017 മുതൽ 11/12/2017 വരെ |
| വി.ഇ.ഒ ചൂലിശ്ശേരി സർക്കിൾ | സന്ധ്യ എ കെ | 12/12/2017 മുതൽ 31/03/2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഒ എം ഫ്രാൻസീസ് | 01/04/2017 മുതൽ 01/08/2017 വരെ |
| | പോൾ.കെ.എ (ഇൻ ചാർജ്) | 02/08/2017 മുതൽ 18/10/2017 വരെ |
| | ജയൻ.എം | 19/10/2017 മുതൽ 22/01/2018 വരെ |
| | ഒഴിവ് | 23/01/2018 മുതൽ 24/01/2018 വരെ |
| | ചിത്ര എം.പി | 25/01/2018 മുതൽ 31/03/2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ഷെർലി ഇ ജെ | 1/04/2017 മുതൽ 06/12/2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ഐശ്വര്യ വി | 07/12/2017മുതൽ |

| | | |
|---|---|---|
| | | 15/02/2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ഷെർലി ഇ ജെ | 16/02/2018 മുതൽ 31/03/2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഗിരിജ എസ് കെ | 01/04/2017 മുതൽ 12/11/2017 വരെ |
| | സുഷമ | 13/11/2017 മുതൽ 31/03/2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഖണ്ഡിക | ഖണ്ഡിക നം |
|---|---|---|
| ഭാഗം – 1 | | |
| 1 | ബജറ്റ് / റിവൈസ്ഡ് ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം – 2 | | |
| 13 | വസ്തു നികുതി | 2-1 |
| 14 | കരാറുക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-2 |
| 15 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 16 | ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ | 2-4 |
| 17 | ബജറ്റ് രൂപീകരണത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലിലെ പോരായ്മ | 2-5 |
| ഭാഗം – 3 | | |

| | | |
|---|---|---|
| 18 | അങ്കണവാടികളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുമ്പ് കരാറിനു വിരുദ്ധമായി മുഴുവൻ തുകയും നൽകി | 3-1 |
| 19 | ടാങ്കർലോറി കുടിവെള്ള വിതരണപദ്ധതിയിൽ കുടിവെള്ള സ്രോതസ്സിന് ആവശ്യമായ ലൈസൻസ് വാങ്ങിയിട്ടില്ല | 3-2 |
| 20 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട് രേഖകൾ ഹാജരാക്കിയിട്ടില്ല | 3-3 |
| 21 | വനിതാഘടകപദ്ധതിയിൽ പുരുഷഗുണഭോക്താക്കളെക്കൂടി ഉൾപ്പെടുത്തി | 3-4 |
| 22 | വനിതാക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണപദ്ധതി- പദ്ധതിചെലവു കുറക്കാനുള്ള സാധ്യത ഉപയോഗപ്പെടുത്തിയില്ല | 3-5 |
| 23 | സാധനങ്ങളുടേയും സേവനങ്ങളുടേയും വാങ്ങൽ - ടെണ്ടർ ഇ.എം.ഡി ഒഴിവാക്കുന്നതിൽ സൂക്ഷ്മത പാലിക്കണം | 3-6 |
| 24 | ബിരുദ, ബിരുദാനന്തര ഡിപ്ലോമ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ | 3-7 |
| 25 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 3-8 |
| 26 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകൽ | 3-9 |
| 27 | വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് യഥാസമയം വിനിയോഗിച്ചില്ല | 3-10 |
| 28 | കുഴിച്ചെടുത്ത മണ്ണ്--തുടർനടപടികൾ സ്വീകരിച്ചില്ല | 3-11 |
| 29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി-അവലോകനം | 3-12 |
| ഭാഗം – 4 | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 37 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 41 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് / റിവൈസ്ഡ് ബജറ്റ്

| | |
|---|---|
| തീരുമാന നമ്പർ | 1 |
| തിയ്യതി | 24/03/2017 |
| വരവ് | 140591900 |
| ചെലവ് | 143719400 |
| പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | തീരുമാനം 2/18 തിയതി 27/02/2018 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 21/05/2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13/06/2018 മുതൽ 14/06/2018 വരെ | കെ.എസ്.എ.ടി.എസ്.ആർ(ഇ3)1150/2018(7) |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23009179 |
| വരവ് | 61148277 |
| ആകെ | 84157456 |
| ചെലവ് | 70889761 |
| നീക്കിയിരിപ്പ് | 13267695 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ ( ACR പ്രകാരം) | 0 | 10547000 | 10547000 | 9706407 | 840593 |
| വികസന ഫണ്ട് -എസ് സി പി ( ACR പ്രകാരം) | 0 | 6213203 | 6213203 | 6201717 | 11486 |
| വികസന ഫണ്ട് - ടി എസ് പി ( ACR പ്രകാരം) | 0 | 71971 | 71971 | 0 | 71971 |
| മെയിന്റനൻസ് , റോഡ് ( ACR പ്രകാരം) | 0 | 15626000 | 15626000 | 8628527 | 6997473 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | 0 | 2591000 | 2591000 | 1202725 | 1388275 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് ( ACR പ്രകാരം) | 0 | 4878344 | 4878344 | 3022289 | 1856055 |
| കെ എൽ എസ് ജി ഡി പി ( ACR പ്രകാരം) | 0 | 657375 | 657375 | 652017 | 5358 |
| കെ എൽ എസ് ജി ഡി പി ( ACR പ്രകാരം) സെൻട്രൽ | 0 | 669654 | 669654 | 624315 | 45339 |
| സാക്ഷരത | 211444 | 68200 | 279644 | 142372 | 137272 |
| ബേട്ടി പഠാവോ ബേട്ടി ബച്ചാവോ | 0 | 41000 | 41000 | 0 | 41000 |

| | | | | | | |
|---|---|---|---|---|---|---|
| എം ജി എൻ ആർ ഇ ജി എസ് | തൊഴിലാളികളുടെ കൂലി | 0 | 4082530 | 4082530 | 4082530 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1216 | 541779 | 542995 | 541416 | 1579 | |
| മെറ്റീരിയൽ | 0 | 2275488 | 2275488 | 2275488 | 0 | |
| ആകെ | 1216 | 6899797 | 6901013 | 6899434 | 1579 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ( ഐ സി ഡി എസ്) | | 662129 | 542876 | 1205005 | 693900 | 511105 |
| സംസ്ഥാനവിഷ്കൃത ഫണ്ടുകൾ ശുചിത്വ മിഷൻ | | 0 | 236365 | 236365 | 211365 | 25000 |
| വിമുക്തി | | 25000 | 12500 | 37500 | 16465 | 21035 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 516400 | 516400 | 516400 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 550000 | 550000 | 550000 | 0 | |
| ബി ഫണ്ട് | | 0 | 34038658 | 34038658 | 34038658 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 13186327 | 7289000 | 20475327 | 19511022 | 964305 |
| തനത്ഫണ്ട് | ബാങ്ക് അക്കൗണ്ട് | 9042220 | 5587203 | 14629423 | 3125573 | 11503850 |
| | ട്രഷറി അക്കൗണ്ട് | 13186327 | 10899937 | 24086264 | 23121959 | 964305 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 56168559 | 127 | 31089416 | 92 | 16 | 54.04 |

## 1-7 തൊഴിലുറപ്പ് പദ്ധതി

.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1216 | 541779 | 542995 | 541416 | 1579 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 4082530 | 4082530 | 4082530 | 0 |

| | | | | | |
|---|---|---|---|---|---|
| മെറ്റീരിയൽ | 0 | 2275488 | 2275488 | 2275488 | 0 |
| ആകെ | 1216 | 6899797 | 6901013 | 6899434 | 1579 |

# 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30960 | 53 |
| കർഷക തൊഴിലാളി പെൻഷൻ | 5977500 | 494 |
| വിധവാ പെൻഷൻ | 9024900 | 755 |
| വാർദ്ധ്യകകാല പെൻഷൻ | 13688900 | 1079 |
| വികലാംഗ പെൻഷൻ | 2747100 | 249 |
| അവിവാഹിത പെൻഷൻ | 2171200 | 184 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 270000 | 9 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 93,357/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1) വാർഷിക കണക്കുകളിൽ സ്ഥാപനത്തിന്റെ പൂർണ്ണമായുള്ള ഇടപാടുകളും പ്രവർത്തനങ്ങളും പ്രതിഫലിക്കുന്നില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിക്കാതെ നീക്കിയിരിപ്പുള്ളതായി കാണുന്നു. ആയത് വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

2) വിവിധ ഡെപ്പോസിറ്റുകൾ തിരികെ കൊടുക്കാതെ സ്ഥാപനത്തിന്റെ ബാധ്യതയായി നിൽക്കുന്നു. മൂന്ന് വർഷത്തിലധികം പഴക്കമുള്ള ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്ററിൽ സ്ഥാപനത്തിന്റെ ആസ്തിയായ വസ്തുക്കളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

4) സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ വില, സ്പെസിഫിക്കേഷൻ, വിതരണംനടത്തിയ സ്ഥാപനം, എന്നിവ രേഖപ്പെടുത്തുന്നില്ല. ഫർണിച്ചർ, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള എല്ലാ ഇനങ്ങളുടെയും ഭൗതിക പരിശോധന നടത്തി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5) പ്രൊക്യൂർമെന്റ് പ്ലാൻ/ബജറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തിയിട്ടില്ല.
6) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ

മൂല്യം രേഖപ്പെടുത്തുന്നില്ല.

7) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിലുള്ള ആസ്തികളുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നുണ്ടെങ്കിലും ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ് ആധികാരികമാക്കി തൻവർഷം മൂല്യശോഷണം കണക്കാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്.

8) ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊണ്ടുകൊണ്ടല്ല പദ്ധതികൾ പൂർണ്ണമായും രൂപീകരിക്കപ്പെടുന്നത്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണസംവിധാനം കുറ്റമറ്റതാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഒക്ടോബർ 2018 | ഒക്ടോബർ 2018 | ജൂൺ 2018 |
| അക്കൗണ്ടൻറ് ജനറൽ ഓഡിറ്റ് | 26/11/2014 to 09/12/2014 | 2009-10 to 2013-14 | 08/01/2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11ലെ ₹1,71,55,692-യുടെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

2)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-14ൽ 430100103 ശീർഷകത്തിൽ 2,139,335/- രൂപ ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ആയതിന്റെ ആധികാരികത പരിശോധിക്കുന്നതിനുതകുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആയതിനാൽ മേൽ പറഞ്ഞ രേഖപ്പെടുത്തലിന്റെ ആധികാരികത പരിശോധിക്കുന്നതിനായില്ല. കേരള ഫിനാഷ്യൽ കോഡ് ഫോം-16 പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ എഴുതി പരിപാലിക്കേണ്ടതാണ്.

3) വസ്തുനികുതി കണക്കുകൾ,സേവനനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

അവണൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി കണക്കുകളും,സേവനനികുതി കണക്കുകളും സഞ്ചയ പ്രകാരമുള്ള D.C.B.യിലെ കണക്കുകളും താഴെ ചേർക്കുന്നു.

| വസ്തുനികുതി തൻവർഷം | | | | |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | അഡ്ജസ്റ്റ്മെന്റ് |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 48,77,176 | 42,76,971 | 5,62,943 | - |
| സഞ്ചയ D.C.B പ്രകാരം | 48,77,176 | 42,76,971 | 5,65,530 | 1,07,441 |
| വസ്തുനികുതി കുടിശിക | | | | |
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | അഡ്ജസ്റ്റ്മെന്റ് |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 35,02,250 | 17,23,785 | 13,46,806 | - |
| സഞ്ചയ D.C.B പ്രകാരം | 30,69,824 | 17,23,785 | 13,46,039, | - |

| സേവനനികുതി തൻവർഷം | | | | |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | അഡ്ജസ്റ്റ്മെന്റ് |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 7,15,259 | 6,65,124 | 47,154 | - |
| സഞ്ചയ D.C.B പ്രകാരം | 7,15,259 | 6,65,124 | 47,154 | 0 |
| സേവനനികുതി കുടിശിക | | | | |
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | അഡ്ജസ്റ്റ്മെന്റ് |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 5,84,731 | 2,85,562 | 2,25,895 | - |
| സഞ്ചയ D.C.B പ്രകാരം | 5,11,457 | 2,85,562 | 2,25,895 | 17,946 |

വസ്തുനികുതി കണക്കിലെയും, സേവനനികുതി കണക്കുകളിലേയും ഈ പൊരുത്തക്കേട്

വിശദീകരിക്കേണ്ടതാണ്. തൃപ്തികരമായ വിശദീകണത്തിന്റെ അഭാവത്തിൽ *വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലും, സേവനനികുതി കണക്കുകളിലുമുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.*

4) സമ്പൂർണ്ണ പാർപ്പിട പദ്ധതി വായ്പ (ജില്ലാ സഹകരണ ബാങ്ക് വായ്പ അധിഷ്ഠിത രാജീവ് ഗാന്ധി ഹൗസിംഗ് ലോൺ, ഇം.എം.എസ്.പാർപ്പിട പദ്ധതി മാതൃകയിലുള്ളത്) തിരിച്ചടയ്ക്കുന്നതിന് ബാക്കിയുള്ള തുക, ₹1,10,00,000/- ,ബാലൻഷീറ്റ് ആസ്തി ഭാഗത്ത് 440500101 എന്ന Prepaid Programame Expenses എന്ന ശീർഷകത്തിൽ കാണിക്കുന്നതിനുപകരം, 460500501 Advance to Implementing Officers എന്ന ശീർഷകത്തിൽ കാണിച്ചിരിക്കുന്നു.

5) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുകയും, വാർഷികപത്രികയിൽ പറയുന്ന cash, cash-equivalents എന്നിവയുടെ മുന്നിരിപ്പ് - നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| Operating Activities, Investing Activities, Financing Activities എന്നിവയുടെ ആകെ തുക | (-)1,36,09,630 |
| Increase/(decrease)in cash and cash equivalent | (-)97,41,484 |

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കുന്നതിനായില്ല.

6) ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയിട്ടുള്ളതും, മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്തിട്ടില്ലാത്തതുമായ താഴെ പറയുന്ന വെളപ്പായ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (തനത് ഫണ്ട്, 450230101) ചെക്കുകൾ Liabilities in respect of stale cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലാത്തതാണ്.

| ക്രമ നം | ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 1 | 128488 | 26-04-2017 | 750 |
| 2 | 128490 | 26-04-2017 | 1500 |
| 3 | 74435 | 16-12-2013 | 175 |
| 4 | 104698 | 24-05-2014 | 3,500 |
| 5 | 75071 | 11-12-2014 | 2,800 |
| 6 | 74711 | 21-10-2014 | 625 |
| 7 | 77423 | 04-08-2015 | 579 |

| | | | |
|---|---|---|---|
| 8 | 123040 | 02-12-2015 | 250 |
| 9 | 123329 | 01-06-2016 | 1500 |
| 10 | 123340 | 08-06-2016 | 1500 |
| 11 | 124103 | 21-02-2017 | 400 |
| 12 | 74473 | 27-01-2014 | 161 |

7) Day Book, Cash Book എന്നിവ ദൈനം ദിനം പ്രിന്റെടുത്ത് സെക്രട്ടറിയും, അക്കൗണ്ടന്റും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8) എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണവും ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

9) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി

വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും മുൻവർഷത്തെ വാർഷിക കണക്കിലെ തുകയുമായി സഞ്ചയയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതിയുടെ ഡിമാന്റ് തയ്യാറാക്കുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യറാക്കുന്ന സോഫ്റ്റ് വെയർ ആയ സാംഖ്യയിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നല്കുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഇതിലെ രശീത് കളക്ഷനാണ് വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും ഇപ്രകാരം തയ്യാറാക്കുന്ന ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. വസ്തു നികുതി കുടിശ്ശികയിനത്തിൽ ഡിമാന്റിലും തൻവർഷം ബാലൻസ് ഇനത്തിലും സാംഖ്യ സഞ്ചയ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം ചുവടെ കൊടുക്കുന്നു.

വസ്തു നികുതി തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | അഡ്ജസ്റ്റ്മെന്റ് |
|---|---|---|---|---|
| വാർഷികധനകാര്യപത്രിക പ്രകാരം | 48,77,176 | 42,76,971 | 5,62,943 | |

| | | | | |
|---|---|---|---|---|
| സഞ്ചയ ഡി.സി.ബി. പ്രകാരം | 48,77,176 | 42,76,971 | 5,65,530 | 1,07,441 |

വസ്തു നികുതി കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | അഡ്ജസ്റ്റ്മെന്റ് |
|---|---|---|---|---|
| വാർഷികധനകാര്യപത്രിക പ്രകാരം | 35,02,250 | 17,23,785 | 13,46,806 | - |
| സഞ്ചയ ഡി.സി.ബി. പ്രകാരം | 30,69,824 | 1723,785 | 13,46,039 | - |

പൊരുത്തകേടിന്റെ കാരണങ്ങൾ

കാലാകാലങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തുന്നതും സഞ്ചയസോഫ്റ്റ് വെയറിന്റെ പരിമിതികൾ കൊണ്ടും സാംഖ്യ സഞ്ചയ തുകകൾ പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണമായി.

കെട്ടിടങ്ങളുടെ ഡിമാന്റ് ഒഴിവാക്കുമ്പോൾ സഞ്ചയയിൽ മുൻവർഷത്തെ ഡിമാന്റിൽ കൂടി മാറ്റം വന്നു. ഇത് മുൻവർഷങ്ങളിൽ ഓഡിറ്റ് അന്തിമമാക്കിയ വാർഷിക കണക്കിലെ ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല. 2013-14 ലെ വസ്തുനികുതി പരിഷ്കരണം നടത്തിയപ്പോൾ എല്ലാ ബിൽഡിങ്ങുകൾക്കും നികുതി വരികയും നികുതി ഉള്ള കെട്ടിടങ്ങൾക്ക് വർദ്ധനവ് വരികയും ചെയ്തു. 2015-16 സാമ്പത്തിക വർഷം നികുതി കുറയ്ക്കുകയും 30$m^2$ ന് താഴെയുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. പിന്നീട് 60 $m^2$ ന് താഴെ വരുന്ന കെട്ടിടങ്ങളെ ഒഴിവാക്കുകയും മറ്റ് കെട്ടിടങ്ങളുടെ നികുതി കുറവ് ചെയ്യുകയുമുണ്ടായി. ഇത് അരിയർ ഡിമാന്റ് തുകയിൽ മാറ്റം വരുത്തി. 2013-14 സാമ്പത്തിക വർഷം നികുതി നിശ്ചയിച്ചപ്പോൾ വന്ന വർദ്ധനവും സർക്കാർ ഉത്തരവ് 144/15/തസ്വഭവ, 358/15/തസ്വഭവ പ്രകാരം നികുതിയിൽ മാറ്റം വരുത്തിയതും വ്യത്യാസത്തിന് കാരണമായി.

വസ്തുനികുതി പരിഷ്കരണം, വസ്തുനികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങിയ കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പ് തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

## 2-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം.8 മറുപടി ലഭിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 2-3 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി

## ഈടാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷം |
|---|---|---|
| 1 | ഐ.ടി.സി ലിമിറ്റ്ഡ് | II |
| 2 | കേളത്ത് | II |
| 3 | റപ്പ്ച്ചർ ഇന്ത്യ | I |
| 4 | എക്സൽ മെറ്റൽ ബിൽഡിംഗ് | I,II |
| 5 | ഫാന്റം മാർക്കറ്റിംഗ് | II |
| 6 | മാത പൗഡർ കോട്ടിങ്ങ് | I,II |
| 7 | ഗൾഫ് ഫസ്റ്റ് പെട്രോ പ്രൊഡക്ട്സ് | I,II |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

## 2-4 ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ

1. 2017-18 സാമ്പത്തിക വർഷത്തിൽ പെർമിറ്റ് നം A3-227/2017-18 പ്രകാരം 688.4ച.മീ നിർമ്മാണ അനുമതി നൽകിയതായി കാണുന്നു. പെർമിറ്റ് നൽകിയിരിക്കുന്നത് ശുഭ ഒ.ജി, ആരാമം ഹൗസ്, ആലുപുരം ലെയിൻ, പൂജപ്പുര എന്നയാൾക്കാണ്. ബിൽഡിംഗ് പെർമിറ്റിൽ കെട്ടിടത്തിന്റെ ഗണം ഗ്രൂപ്പ് എ2 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതു പ്രകാരം അനുവദിനീയമായ എഫ്.എ.ആർ 1.5 ആണ് എന്നാൽ നൽകിയിട്ടുള്ള പെർമിറ്റിൽ എഫ്.എ.ആർ 1.57 ആണ്. എഫ്.എ.ആർ 1.57 ആയ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകാൻ പാടില്ലാത്തതാണ്. അല്ലാത്ത പക്ഷം കൂടുതലുള്ള നിർമ്മിതിക്ക് ഫൈൻ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫൈൻ ഈടാക്കിയിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 10) നൽകി. തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. ആയതിനാൽ പ്രസ്തുത തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 2017-18 സാമ്പത്തിക വർഷത്തിൽ പെർമിറ്റ് നം A3-BA(8710/2018) പ്രകാരം 233.56ച.മീ നിർമ്മാണ അനുമതി നൽകിയതായി കാണുന്നു. പെർമിറ്റ് നൽകിരിക്കുന്നത് രമ്യ ആർ കൃഷ്ണ, എൻ.എൻ നിവാസ്, കടവത്ത്, മണിത്തറ, അവണൂർ എന്നയാൾക്കാണ്. ക്രമവത്ക്കരണത്തിനാണ് അപേക്ഷ നൽകിയിട്ടുള്ളത്. ടിയാനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുക 1402 രൂപയാണെന്നാണ് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 701 രൂപ മാത്രമാണ് ഈടാക്കിയത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 10) നൽകി. തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. ആയതിനാൽ പ്രസ്തുത തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. 2017-18 സാമ്പത്തിക വർഷത്തിൽ പെർമിറ്റ് നം A3 -6327/17 തി.5/9/18(അപേക്ഷ നം. A3 -6327/17 തി10/11/2017) പ്രകാരം 2503.98ച.മീ നിർമ്മാണ അനുമതി നൽകിയതായി കാണുന്നു. പെർമിറ്റ് നൽകിരിക്കുന്നത് സന്തൂജ്&ഷാലിയ എന്നയാൾക്കാണ്. ബിൽഡിംഗ് പെർമിറ്റിൽ കെട്ടിടത്തിന്റെ ഗണം ഗ്രൂപ്പ് എച്ച് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ട് പ്രകാരം ശരാശരി 1.50 മീ ഉയരമുള്ള ഭൂമി കട്ട് ചെയ്ത് മാറ്റിയതായി കാണുന്നു. ആയതിന് ഭൂവികസന പെർമിറ്റ് എടുത്ത ശേഷം മാത്രം പെർമിറ്റ് നൽകാൻ സാധ്യമാകൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കാര്യം പ്രതിപാദിച്ച് സെക്രട്ടറി പെർമിറ്റ് നൽകിയവർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഭൂവികസന പെർമിറ്റ് നൽകിയതായോ, ഭൂവികസന പെർമിറ്റ് ഫീ ഈടാക്കിയതായോ കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 10) നൽകി. ടി സ്ഥലത്ത് മണ്ണ് നിരപ്പാക്കുക മാത്രമാണ് ചെയ്തിട്ടിള്ളത് അല്ലാതെ ഭൂവികസനം നടത്തുകയോ, ഭൂമി വിഭജനം നടത്തുകയോ ചെയിതിട്ടില്ല എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂവികസന പെർമിറ്റ് എടുക്കാതെ പെർമിറ്റ് അനുവദിച്ചത് എന്നാണ് മറുപടി നൽകിയത്. സ്ഥല പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പരിഗണിക്കാതെ പെർമിറ്റ് അനുവദിച്ചതിന്റെ ഔചിത്യം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കേണ്ടതാണ്

## 2-5 ബജറ്റ് രൂപീകരണത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലിലെ പോരായ്മ

ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാന്വലിന്റെ ഖണ്ഡിക 2.3 ൽ പദ്ധതിയേതരബജറ്റ് നിർദ്ദേശങ്ങൾ രൂപീകരിക്കാനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങളും 2017-18 വർഷത്തെ ബജറ്റ് രൂപീകരണത്തിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് സെക്രട്ടറി ഘടകസ്ഥാപനമേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിളിക്കുകയും സ്ഥാപനങ്ങളുടെ പദ്ധതിയേതര ചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്യണം.

2.നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഘടകസ്ഥാപനമേധാവികൾക്ക് ഒരു മാസത്തെ സമയം നൽകണം.

3.ഘടകസ്ഥാപനമേധാവികൾ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ്നിർദ്ദേശങ്ങൾസമർപ്പിക്കണം

4.ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി അനുബന്ധം 3 &4 ൽ പറഞ്ഞിരിക്കുന്ന ഫോർമാററിൽ സമർപ്പിക്കണം

5.സെക്രട്ടറി മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കൈമാറണം.

6.സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1 ,5.2 എന്നീ ഫോർമാറ്റുകളിൽ

ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറണം.

7.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ പദ്ധതിയേതര നിർദ്ദേശങ്ങൾ തയ്യാറാക്കണം.

8.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് രൂപീകരിക്കണം നടത്തണം

എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണത്തിൽ ഈ നടപടിക്രമങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല. ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനത്തിനും ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ അധികരിച്ചുള്ള ചെലവിനും ഏതെങ്കിലും തരത്തിലുള്ള പരിശോധനസംവിധാനം സ്ഥാപനത്തിൽ ഒരുക്കിയിട്ടില്ല. ആയതിനാൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് രൂപീകരണത്തിൽ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അങ്കണവാടികളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുമ്പ് കരാറിനു വിരുദ്ധമായി മുഴുവൻ തുകയും നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി
പദ്ധതി : അങ്കണവാടികളിൽ ബയോഗ്യാസ് യൂണിറ്റ് നിർമ്മാണം, S0241/18

അടങ്കൽ : 2,56,500/- (2,48,000/-,വികസനഫണ്ട് പൊതുവിഭാഗം, 8500/- തനത് ഫണ്ട്)

ചെലവ് : 2,56,500/-

ട്രഷറി ബിൽ : 40/17-18 dt. 31.03.18 (2,48,000)

വൗച്ചർ നമ്പർ : 2170463 തി. 31.03.18 (8500/-)

19 അങ്കണവാടികളിൽ (അങ്കണവാടി നമ്പർ 89, 90, 91, 92, 94, 95, 96, 97, 98, 99, 100, 101, 102, 104, 109, 111, 114, 118, 119) 1m3 FRP ബയോഗ്യാസ് പ്ലാന്റ്(വാട്ടർ ജാക്കറ്റ് ഉള്ളത്) സ്ഥാപിക്കുന്നതിന് വേണ്ടി സർക്കാർ അംഗീകൃത സ്ഥാപനമായ തൃശ്ശൂർ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി കരാറിലേർപ്പെടുകയും 2,56,500/- രൂപ ടി സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. 31.10.18 ന് 94, 102, 109 നമ്പർ അങ്കണവാടികളിൽ ഭൗതികപരിശോധന നടത്തിയപ്പോൾ 94-ാം നമ്പർ അങ്കണവാടിയിൽ സാധനസാമഗ്രികൾ

എത്തിച്ചതായി കണ്ടെങ്കിലും (സ്ഥാപിച്ചിട്ടില്ല) മറ്റു രണ്ട് അങ്കണവാടികളിലും ഒരു പ്രവർത്തനവും നടത്തിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള 31.10.18 ലെ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ നൽകിയ 31.03.18 ലെ പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയെങ്കിലും ആയത് ഭൗതികപരിശോധനയുമായി പൊരുത്തപ്പെടുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ, എത്ര അങ്കണവാടികളിൽ പ്ലാന്റ് സ്ഥാപിച്ചുവെന്നത് കണക്കാക്കുവനായില്ല.
സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി ഏർപ്പെട്ട 26.03.18 ലെ കരാർ വ്യവസ്ഥ പ്രകാരം തുക നൽകേണ്ടത് താഴെപ്പറയുന്ന പ്രകാരമാണ്.

1) കരാർ ഒപ്പിട്ടുകഴിഞ്ഞാൽ 20%

2) മുൻ അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള സാക്ഷ്യപത്രം ഹാജരാക്കുന്ന മുറക്ക് അടുത്ത രണ്ട് ഗഡുക്കൾ 30% എന്ന നിരക്കിൽ

3) പദ്ധതി പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുമ്പോൾ 20%

എന്നാൽ മേൽപറഞ്ഞ വിധമല്ല തുക നൽകിയിട്ടുള്ളത്. മുഴുവൻ തുകയും മുൻകൂറായി നൽകിയതായി കാണുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. കരാറിന് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ 2,56,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ടാങ്കർലോറി കുടിവെള്ളവിതരണപദ്ധതിയിൽ കുടിവെള്ളസ്രോതസ്സിന് ആവശ്യമായ ലൈസൻസ് വാങ്ങിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി
പദ്ധതി : ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം, S0060/18

അടങ്കൽ : 5,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 5,00,000/- (4,95,000/- കരാറുകാരന്), (ആദായനികുതി-5000/-)

ട്രഷറി ബിൽ : 9/17-18 dt. 31.08.17 (4,95,000/-)

എ) സംസ്ഥാന ഫുഡ്സേഫ്റ്റി കമ്മീഷണറുടെ 11.01.13 ലെ എ-1/2013/സി.എഫ്.എസ് നമ്പർ ഉത്തരവുപ്രകാരം ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കുകളിലും കുടിവെള്ള വിതരണം ചെയ്യുന്നവർ 2011ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) പ്രകാരം FBO ലൈസൻസ് എടുത്തിരിക്കണം (ഉത്തരവിലെ ക്രമനമ്പർ - 1). അതോടൊപ്പം, കുടിവെള്ള സ്രോതസ്സുകൾക്കും FBO ലൈസൻസ് ഉണ്ടായിരിക്കണം (ക്രമനമ്പർ - 6). കരാറുകാരൻ ശ്രീ.കുഞ്ഞപ്പു.സി.എസ് മാത്രമേ FBO ലൈസൻസ് ഹാജരാക്കിയിട്ടുള്ളൂ. കുടിവെള്ളസ്രോതസ്സിനുള്ള FBO ലൈസൻസ് ഹാജരാക്കിയിട്ടില്ല. ഇത്തരം ലൈസൻസുള്ള കുടിവെള്ളസ്രോതസ്സുകളിൽ നിന്നു മാത്രമേ വെള്ളം ശേഖരിക്കാവൂ എന്ന് ഉത്തരവിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തതായി

കാണുന്നില്ല. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ഈ വിഷയത്തിൽ ഭരണസമിതിയുടേയും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും സവിശേഷ ശ്രദ്ധ വേണ്ടതാണ്. കുടിവെള്ളവിതരണത്തിൽ ഫുഡ്സേഫ്റ്റി കമ്മീഷണറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട് രേഖകൾ ഹാജരാക്കിയിട്ടില്ല

| പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് വിവരങ്ങൾ | രേഖകൾ |
|---|---|---|---|
| എബിസിപ്രോഗ്രാം-ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ, S0212/18 | 25,000/-വികസന ഫണ്ട് പൊതുവിഭാഗം | 12/17-18 dt. 31.08.17 25,000/- | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| ഐ.എം.എ ബ്ലഡ് ബാങ്ക്-പഞ്ചായത്ത് വിഹിതം നൽകൽ, S0213/18 | 1,00,000/-വികസന ഫണ്ട് പൊതുവിഭാഗം | 10/17-18 dt. 31.08.17, 1,00,000/- | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ നൽകൽ,S0214/18 | 50,000/-വികസന ഫണ്ട് പൊതുവിഭാഗം | 11/17-18 dt. 31.08.17 50,000/- | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| ആശ്രയ ഭവനനിർമ്മാണം S0054/18 | 2,50,000/-വികസന ഫണ്ട് പൊതുവിഭാഗം | 19/17-18 dt. 06.01.18, 2,50,000/- | ടി പദ്ധതിയിൽ സി.ഡി.എസ്. മെമ്പർ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ, KUHAS ബ്രാഞ്ചിലുള്ള 32487264042 നമ്പർ അക്കൗണ്ടിലേക്ക് 2,50,000/- രൂപ 06.01.18 ന് നൽകിയിട്ടുണ്ട്. ശ്രീ.വേണുഗോപാലൻ, തൈവളപ്പിൽ ഹൗസ്, ചൂലിശ്ശേരി എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണത്തിനുള്ള ധനസഹായത്തുകയാണ് കൈമാറിയിട്ടുള്ളത്. പക്ഷേ നാളിതുവരെ ടി തുക വിനിയോഗിച്ചതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| ആകെ | 4,25,000 | | |

രേഖകളുടെ അഭാവത്തിൽ 4,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-4 വനിതാഘടകപദ്ധതിയിൽ പുരുഷഗുണഭോക്താക്കളെക്കൂടി ഉൾപ്പെടുത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പദ്ധതി : മുട്ടക്കോഴി വളർത്തൽ പദ്ധതി

പദ്ധതി നമ്പർ : S0003/18

അടങ്കൽ : 168315/- (വികസനഫണ്ട് എസ്.സി.പി - 124950/-, ഗുണഭോക്തൃവിഹിതം - 43365/-)

ചെലവ് - 28000/-

ട്രഷറി ബിൽ : 4/17-18, തി. 17.02.18 (തുക – 19740/-)

വൗച്ചർ നമ്പർ: 21701182/ 14.02.18 (8260)

അവണ്ണൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപെട്ട 147 വനിതകൾക്ക് 2 മാസം പ്രായമായ 10 കോഴിക്കുഞ്ഞുങ്ങളെ വീതം നൽകുന്നതിനാണ് മേൽപദ്ധതി രൂപീകരിച്ചിട്ടുള്ളത്. ചെലവുവിവരങ്ങൾ പ്രകാരം ആകെ 28 ഗുണഭോക്താക്കൾക്ക് തൻവർഷം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ, വനിതാഘടകപദ്ധതി മേഖലയിൽ ഉൾപ്പെടുത്തപ്പെട്ട ഈ പദ്ധതിയിൽ 2 പുരുഷഗുണഭോക്തക്കൾക്കും (ശ്രീ. നിഷോർ പി.കെ, പട്ട്യാത്ത്, കാരോർ, കുമാരൻ ടി.എസ്സ്, തച്ചംപ്പിള്ളി, ചൂലിശ്ശേരി) ആനുകൂല്യവിതരണം നടത്തിയതായി കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ 25.08.17 ലെ സാധാരണ മീറ്റിംഗിലെ 4-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച അന്തിമഗുണഭോക്തൃ പട്ടികയിലെ ക്രമനമ്പർ 74 പ്രകാരം ശ്രീ. നിഷോറും 02.02.18 ലെ സാധാരണ മീറ്റിംഗിലെ 1(3) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച അഡീഷണൽ ഗുണഭോക്തൃലിസ്റ്റിലെ ക്രമനമ്പർ 5 പ്രകാരം ശ്രീ.കുമാരനും ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 6/29.10.18 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പുസംവിധാനത്തിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വനിതാഘടക പദ്ധതിയിൽ പുരുഷ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

# 3-5 വനിതാക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണപദ്ധതി- പദ്ധതിചെലവു കുറക്കാനുള്ള സാധ്യത ഉപയോഗപ്പെടുത്തിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പദ്ധതി : വനിത ക്ഷീരകർഷകർക്ക് കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം

പദ്ധതി നമ്പർ : S0010/18

അടങ്കൽ : 15,96,000/- (വികസനഫണ്ട് പൊതുവിഭാഗം - 7,98,000/-, ഗുണഭോക്തൃവിഹിതം - 7,98,000/-)

ചെലവ് - 7,49,000/-

ട്രഷറി ബിൽ : 2/17-18, തി. 14.11.17

സ.ഉ.(സാധാ)നം.13/2018/എ.എച്ച്.ഡി തി. 11.01.18 പ്രകാരം എസ്.എൽ.ബി.പി പദ്ധതിയിലൂടെ കേരളഫീഡ്സ് വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ വിലയും കൈകാര്യചെലവും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ആയതുപ്രകാരം 50 കിലോഗ്രാം തൂക്കം വരുന്ന ഒരു ചാക്ക് കൈകാര്യം ചെയ്യുന്നതിന് 20 രൂപയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

മേൽവിശദാംശങ്ങളോടുകൂടിയ പദ്ധതിയിൽ കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നുള്ള കാലിത്തീറ്റ സ്റ്റോക്ക് ചെയ്ത് വിതരണം നടത്തുന്നതിനായി അവണൂർ ക്ഷീരസഹകരണസംഘത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി സംബന്ധമായി വെറ്ററിനറി സർജൻ കേരള ഫീഡ്സ് ലിമിറ്റഡിന് അയച്ച 06.10.17 ലെ കത്തിന് KFL/430 /99(iii) തി. 14.10.17പ്രകാരം കേരള ഫീഡ്സ് നല്കിയ മറുപടിയനുസരിച്ച് കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധചെലവുകളും വഹിക്കുന്നതിന് ചാക്കൊന്നിന് 30 രൂപയാണ് കൈകാര്യചെലവായി അനുവദിച്ചിട്ടുള്ളത്. പദ്ധതി പൂർത്തീകരണത്തിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ക്ലെയിം സമർപ്പിക്കുന്നതിനനുസരിച്ച് മേൽതുക കേരള ഫീഡ്സ് പ്രത്യേകമായി അനുവദിക്കുമെന്നാണ് കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പദ്ധതി പ്രകാരം 1400 ചാക്ക് കാലിത്തീറ്റ കൈകാര്യം ചെയ്ത ക്ഷീരസഹകരണസംഘത്തിന് പ്രതിഫലമായി 42,000/- രൂപ (1400 x 30) നൽകിയിട്ടുണ്ട് (ക്ഷീരസഹകരണസംഘത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള 67085065100 നമ്പർ അക്കൗണ്ടിലേക്ക് ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ വഴി നൽകി). നിർവ്വഹണ ഉദ്യോഗസ്ഥനും ക്ഷീരസഹകരണസംഘവും തമ്മിൽ ചമച്ച കരാറിൽ കൈകാര്യചെലവുസംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. ക്ഷീരസഹകരണസംഘവുമായുള്ള കൂടിയാലോചനയിലൂടെ എസ്.എൽ.ബി.പി പദ്ധതിയിൽ സർക്കാർ നിശ്ചയിച്ച കൈകാര്യചെലവുതന്നെ സംഘത്തിന് നൽകുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്താമായിരുന്നു. ഇപ്രകാരം ചെയ്തിരുന്നെങ്കിൽ പദ്ധതി ചെലവിൽ 14000/- രൂപയുടെ (1400 x 10) കുറവുണ്ടാവുമായിരുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, അദ്ധ്യായം III, ആർട്ടിക്കിൾ 40 b (i) ൽ (സ്റ്റാൻഡേഡ്സ് ഓഫ് ഫിനാൻഷ്യൽ പ്രൊപ്രൈറ്റി) ഒരു ചെലവ് സാഹചര്യം ആവശ്യപ്പെടുന്നതിലും അധികമാവരുതെന്ന് നിർദ്ദേശിക്കുന്നതിനാൽ, തുടർവർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിൽ ജാഗ്രത പാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 6/29.10.18 ന് മറുപടി ലഭിച്ചില്ല)

## 3-6 <u>സാധനങ്ങളുടേയും സേവനങ്ങളുടേയും വാങ്ങൽ - ടെണ്ടർ ഇ.എം.ഡി ഒഴിവാക്കുന്നതിൽ സൂക്ഷ്മത പാലിക്കണം</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പദ്ധതി നമ്പർ : S0215/18

പദ്ധതിയുടെ പേര് : കൃഷിഭവന് ഫർണ്ണിച്ചർ വാങ്ങൽ

അടങ്കൽ : 1,50,000/- (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം)

ചെലവ് : 81819/-

ട്രഷറി ബിൽ : 8/17-18 തി. 05.03.18

മേൽ പദ്ധതി പ്രകാരം അവണൂർ കൃഷിഭവനിലേക്ക് പ്ലാസ്റ്റിക് കസേരകൾ, ഓഫീസ് ചെയറുകൾ, സീലിംഗ് ഫാനുകൾ, സ്റ്റീൽ റാക്കുകൾ, സ്റ്റീൽ അലമാരകൾ, ഓഫീസ് ടേബിൾ, ഡ്രം എന്നിവ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കേർപ്പറേഷൻ ലിമിറ്റഡ്, കോഴിക്കോട് എന്നീ 2 സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചത്. മേൽപറഞ്ഞ രണ്ട് സ്ഥാപനങ്ങളേയും ഇ.എം.ഡി അടവാക്കുന്നതിൽ നിന്നും 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ, അദ്ധ്യായം 8, ഖ.8.6 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ, സ്റ്റോർ പർച്ചേസ് വകുപ്പിൽ ഏതൊക്കെ ഇനം സാധനങ്ങളുടെ വിപണനത്തിനാണ് സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് എന്നതിന്റെ അടിസ്ഥാനത്തിൽ ആ സാധനങ്ങൾ മാത്രം സപ്ലൈ ചെയ്യുന്നതിനാണ് ടെണ്ടർ ഇ.എം.ഡി ഒഴിവാക്കപ്പെട്ടിട്ടുള്ളത്. സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഫിഡ്കോ എന്ന സ്ഥാപനത്തിന് പ്ലാസ്റ്റിക് ഫർണ്ണിച്ചർ സപ്ലൈ ചെയ്യുന്നതിനുള്ള അനുമതി ഇല്ല. ആയതിനാൽ, ഇ.എം.ഡി പൂർണ്ണമായും ഒഴിവാക്കിയത് ശരിയായ നടപടിയല്ല. തുടർവർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ബിരുദ,ബിരുദാനന്തര ഡിപ്ലോമ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ

പ്രോജക്ട് നമ്പർ - SO99 /18

ട്രഷറി നമ്പർ-1/17-18/28.7.17

തുക -432000 രൂപ
നിർവ്വഹണ ഉദ്യോഗസ്ഥ: ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്, വരടിയം

മേൽ പ്രോജക്ട് പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ടബിരുദ, ബിരുദാനന്തര ഡിപ്ലോമ ക്ലാസുകളിൽ പഠിക്കുന്ന 15 കുട്ടികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. സ.ഉ(എം.എസ്) 80/17ത സ്വ ഭ വ തീ. പ്രകാരം മേൽ പ്രോജക്ട് നടപ്പാക്കുമ്പോൾ പട്ടികജാതിവകുപ്പിൽ നിന്നും ലാപ്പടോപ്പ് നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും അപേക്ഷയോടൊപ്പം താഴെപ്പറയുന്നവരുടെ അപേക്ഷയോടൊപ്പം പട്ടികജാതി വകുപ്പിൽ നിന്നും ലാപ്ടോപ്പ് നൽകിയിട്ടില്ലെന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പേര്, മേൽവിലാസം |
|---|---|

| | |
|---|---|
| 1 | അഞ്ജലി .കെ.അശോകൻ, കുന്നത്ത് വളപ്പിൽ |
| 2 | ശ്രീഹരി.ഇ.എസ്, എടക്കളം വീട് |
| 3 | പ്രദിഷ.വി.എസ്, വൈലോപ്പിള്ളി വീട് |
| 4 | സ്വാതി.കെ.എസ്, കറുത്തേടത്ത് |
| 5 | അഞ്ജനചന്ദ്രൻ, വടക്കേക്കര വീട് |
| 6 | കണ്ണൻ.ടി.സി, തെക്കിനിയേടത്ത് |
| 7 | ചൗധരി, നാരായണത്ര |
| 8 | അഞ്ജലി.വി.എസ്., വട്ടേക്കാട്ടിൽ |
| 9 | രജീഷ് .കെ.ആർ |
| 10 | സ്വാതി കൃഷ്ണ .വി.കെ |
| 11 | നമിത.എം. |
| 12 | അനീഷ്.പി.കൃഷ്ണൻ |
| 13 | അമൃത.പി.കെ, പട്ട്യാത്ത് വീട് |
| 14 | ലേഖ .എം.ആർ, മേലേതിൽ |
| 15 | കൃഷ്ണേന്ദു.ടി.ആർ, തുള്ളാക്കര വീട് |

രേഖകൾ ലഭ്യമാക്കുന്നതുവരെ 4,32,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്.

പ്രോജക്റ്റ് നമ്പർ - SOO 9/18

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ സി ഡി എസ് സൂപ്പർവൈസർ

| ഫണ്ടിനം | ചെലവ് |
|---|---|
| പ്ലാൻ ഫണ്ട് | 12/17-18 /28.3.18-476500/-, 13/17-18 /28.3.18-123500 /- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 300000 |

പഞ്ചായത്തീരാജ് /നഗരപാലികാ സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങൾ

സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (എം.എസ് ) നമ്പർ 80/2017/ത.സ്വ.ഭ.വ.തീയതി.3.4.17 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഒരു വർഷത്തേക്കുള്ള സ്കോളർഷിപ്പ് താഴെപ്പറയുന്ന പ്രകാരമാണ്.

| ക്രമ നം. | ഇനം | സ്കോളർഷിപ്പ് തുക |
|---|---|---|
| 1 | സ്കോളർഷിപ്പ് പ്രതിമാസം1000/- രൂപ വീതം | 12000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2000 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത (പ്രതിമാസം 1000/- രൂപ വീതം) | 12000 |
| 5 | ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക് -രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |
| ആകെ | | 28500 |

പഞ്ചായത്തിലെ 50 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരിൽ 35 പേർ മാനസിക വെല്ലുവിളി നേരിടുന്നവരാണ്. ഇവർക്ക് നൽകിയിരിക്കുന്ന പരമാവധി തുക 25000 രൂപ ആണ്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രോജക്ട് നടപ്പാക്കുമ്പോൾ പരമാവധി തുകയായ 28,500/- രൂപ തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 300000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 100000 രൂപയാണ് ലഭ്യമായിട്ടുള്ളത്. ഇതും കുട്ടികൾക്കുള്ള വിഹിതം കുറയാൻ കാരണമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ മുഴുവൻ വിഹിതവും ലഭ്യമാവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകൽ

പഞ്ചായത്ത് കമ്മിറ്റിയുടെ 13-03-2018 തിയതിയിലെ 3/3 തീരുമാനം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

അസിസ്റ്റൻറ് എഞ്ചിനീയറുടെ സ്പെഷൽ TSB അക്കൗണ്ടിൽ നിന്നും തുക മാറി ലഭിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ 2017-18 വർഷം ഗുണഭോക്തൃകമ്മിറ്റി ഏറ്റെടുത്ത പ്രവൃത്തികൾക്ക് സിഡ്കോയിൽ നിന്ന് ടാർ വാങ്ങുന്നതിന് ടാറിന്റെ വില, ട്രാൻസ്പോർട്ടേഷൻ ചെലവ്, കയറ്റിറക്കുകൂലി എന്നിവക്ക് താഴെപ്പറയുംവിധം തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. 9-3-18 ൽ 1393491 രൂപയും 15-3-18 ൽ 374035 രൂപയും 19-3-18 ൽ 232157 രൂപയും ആയി മൊത്തം 1999683 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 1579180 രൂപ 2017-18 വർഷത്തിലും 187545 രൂപ 2018-19 വർഷത്തിലും തിരികെ ലഭിച്ചു. ശേഷിക്കുന്ന 232958 രൂപ അതാത് മരാമത്ത് ബില്ലുകളിൽ നിന്നും ഈടാക്കി തനതുഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-10 വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് യഥാസമയം വിനിയോഗിച്ചില്ല

2017-18 വാർഷികപദ്ധതിയിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നീ ഇനങ്ങളിൽ മൊത്തം 43512849 രൂപ വകയിരുത്തിയിരുന്നു. എന്നാൽ 12726703 രൂപ മാത്രമാണ് വിനിയോഗിച്ചത് (29%). വികസനപ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക യഥാസമയം വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 കുഴിച്ചെടുത്ത മണ്ണ്--തുടർനടപടികൾ സ്വീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കാരോർ കുരിശുപ്പള്ളി പരിസരം അഴുക്കുചാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് 44.86 ഘ.മീ. മണ്ണ് കുഴിച്ചെടുത്തതായി അളവുപുസ്തകം 204/16-17 ഇനം 1 ആയി രേഖപ്പെടുത്തിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണിൽ 20 ഘ.മീ. കാനയുടെ സൈഡ് നിരപ്പാക്കുന്നതിന് ഉപയോഗിച്ചതായും 24.86 ഘ.മീ. സ്റ്റാക്ക് ചെയ്തതായും അളവുപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയത് ലേലം ചെയ്യുന്നതിന് 8-12-2017 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനമെടുത്തു. എന്നാൽ നാളിതുവരെ മണ്ണ് ലേലം ചെയ്തിട്ടില്ല. ലേലനടപടികൾ സ്വീകരിച്ച് ലേലതുക തനതുഫണ്ടിലേക്ക് വരവുവയ്ക്കേണ്ടതാണ്.

## 3-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2017-18 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| 2017-18 സാമ്പത്തിക വർഷത്തെ മൊത്തം അടങ്കൽ | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഭരണ ചെലവുകൾ | 1216 | 540779 | 541995 | 540516 | 1579 |
| തൊഴിലാളികൾക്ക് നേരിട്ട് | 0 | 4082530 | 4082530 | 4082530 | 0 |
| മെറ്റീരിയൽ | 0 | 2275488 | 2275488 | 2275488 | 0 |
| ആകെ | 1216 | 6898797 | 6900013 | 6898434 | 1579 |
| 2017-18 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | | | | 352 | |
| 2017-18 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | | | 107 | | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | | | 2050 | | |

| 2017-18 സാമ്പത്തിക വർഷത്തിൽ സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | | | |
|---|---|---|---|
| സ്ത്രീ | | പുരുഷൻ | ആകെ |
| 14393 | | 1332 | 15725 |
| പട്ടികജാതി | പട്ടികവർഗ്ഗം | മറ്റുള്ളവർ | ആകെ |
| 4997 | ..... | 10728 | 15725 |
| 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 380 | | |
| 2017-18 സാമ്പത്തിക വർഷത്തിൽ 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 33 | | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം2017-18 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത വേതനം | 4082530 | | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം2017-18 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത തൊഴിൽരഹിതവേതനം | nil | | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 31.3.18 വിതരണം ചെയ്യാൻ കുടിശ്ശികയുള്ള വേതനം | nil | | |
| 2017-18 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിരആസ്തികൾ സംബന്ധിച്ച വിവരം | Toilet,well,farmpond 2 | | |
| സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരം | 2016-17 2nd stage and 2017-18 1st stage | | |

പദ്ധതികൾ സംബന്ധിച്ച വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്, ജലസംരക്ഷണം | 16 | 292560 |
| 2 | വരൾച്ച തടയൽ ,വനവത്കരണം | 14 | ---- |
| 3 | ചെറുകിട ജലസേചനം | --- | --- |
| 4 | പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭൂമിയിലെ ജലസംരക്ഷണം | --- | ---- |

| | | | |
|---|---|---|---|
| 5 | പരമ്പരാഗതജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 8 | 465220 |
| 6 | ഭൂവികസനം | 14 | 1638317 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 2 | 691998 |
| 8 | മറ്റുള്ളവ (വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖപ്പെടുത്തുക) | 4 | 32784 |
| 9 | മറ്റുള്ളവ | 49 | 2239449 |
| 10 | ആകെ | 107 | 6358018 |

വിഭാവനം ചെയ്ത പദ്ധതികൾ എല്ലാം തന്നെ സമയബന്ധിതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 516400 | പാലിയേറ്റീവ് കെയർ | 90400 | 0 |
| | | | പാലിന് സബ്സിഡി | 150000 | 0 |
| | | | കിണർ റിചാർജ്ജിംഗ് | 176000 | 0 |
| | | | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 550000 | പാലിന് സബ്സിഡി | 250000 | 0 |
| | | | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 62/18 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 41700301,311/299, 300,309,310,312 | 964585 | 0 | - | 964585 |
| Ground Water | 207 പെരിഞ്ചിറ കുടിവെള്ള പദ്ധതി | 41700302 | 800000 | 0 | - | 800000 |
| Ground Water | 209 കോളങ്ങാട്ടുകര എസ് സി കുടിവെള്ള പദ്ധതി | 41700303 | 700000 | 0 | - | 700000 |
| Ground Water | 223 കുട്ടംകുളം എസ് സി കുടിവെള്ള പദ്ധതി | 41700304 | 501550 | 0 | - | 501550 |
| Ground Water | 224 കുടിവെള്ള പദ്ധതി റിപ്പയർ | 41700308 | 50000 | 0 | - | 50000 |
| Ground Water | 210 കാരോർ കുടിവെള്ള പദ്ധതി | 41700305 | 698250 | 0 | - | 698250 |
| Ground Water | 224 കുടിവെള്ള പദ്ധതി റിപ്പയർ | 41700306 | 48250 | 0 | - | 48250 |
| Ground Water | 225 ചിന്ത കുടിവെള്ള പദ്ധതി | 41700307 | 698250 | 0 | - | 698250 |
| ആകെ | | | 3496300 | | | 3496300 |
| KWA | പ്രാരംഭ ബാക്കി | | 2187000 | 0 | - | 2187000 |
| SEUF | പ്രാരംഭ ബാക്കി | | 198600 | 0 | - | 198600 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തില് 840000 രൂപ വരവുണ്ട്. ബാക്കി 11660000 രൂപയടക്കം 12500000 രൂപയിൽ 840000 രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായപ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ് ഗാന്ധി ഭവന പദ്ധതി | 205/DB /15LSGD Dt 26/08/2015 | 1316000 | 11660000 | 1500000 | 1289060 | 11000000 |
| ,, | ,, | 840000 | - | - | - | 0 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് ( ബാങ്ക് /ട്രഷറി/പോസ്റ്റ് ഓഫീസ് ...) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | TDCB Athani (182771) | 13/08/2013 | 5 വർഷം | 10000 | |
| 2 | TDCB Athani (227366) | 18/12/2015 | 5 വർഷം | 10000 | |

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| 2016-17 | 2.1 | 330530 | കെ എ പദ്മകുമാർ | 117030400007 27/12/2017 |
| 2016-17 | 2.2 | 686 | സി കെ സുകുമാരൻ | 117030107240 15/01/2018 |
| 2016-17 | 2.2 | 525 | സൈമൺ ഏലിയാസ് | 117030106726 26/12/2017 |
| 2016-17 | 2.2 | 321 | ഷിജ ഷിജോൺ | 117030106522 19/12/2017 |
| 2016-17 | 2.3 | 1262 | ചിക്കു ആർ പുളിക്കൽ | 117030106251 11/12/2017 |
| 2016-17 | 2.3 | 1086 | സതീഷ് കുമാർ പി | 11703016797 27/12/2017 |
| 2016-17 | 2.4 | 1599 | അനീഷ് എം ആർ , അമ്മാനത്ത് ഹൗസ് | 117030107083 117030107084 09/01/2018 |
| 2016-17 | 2.4 | 2501 | സദാനന്ദൻ & ലത സദാനന്ദൻ | 117030107392 19/01/2018 |
| 2016-17 | 2.4 | 11978 (5972 ഓഡിറ്റ് ) | വികാരി ചർച്ച് , കോളങ്ങാട്ടുകര | 117030109379 19/03/2018 |
| 2016-17 | 2.4 | 161 | വത്സല മുതൽപേർ | 117030107174 11/01/2018 |
| 2016-17 | 2.4 | 10026 | സതീഷ് കുമാർ പി , ലക്ഷമിനിവാസ് | 117030106776 മുതൽ 117030106796 27/12/2017 |
| 2016-17 | 2.6 (1) | 10000 | വരടിയം സർവ്വീസ് സഹകരണ ബാങ്ക് 4 ബ്രാഞ്ച് | 117030103640 -27/09/2017 117030103557,117030103558, 117030103559 26/09/2017 |
| 2016-17 | 2.6 (4) | 2500 | എസ് ബി ഐ തങ്ങാല്ലൂർ | 117030400005 06/10/2017 |
| 2016-17 | 2.6 (5) | 2500 | എസ് ബി ഐ മെഡിക്കൽ കോളേജ് | 117030400002 27/09/2017 |

| | | | | |
|---|---|---|---|---|
| 2016-17 | 2.6 (9) | 2500 | ഫാന്റം മാർക്കറിങ് | 117030106846 28/12/2017 |
| 2016-17 | 2-7 (2) | 4350 | കൈപ്പള്ളിൽ റബ്ബേഴ്സ് | 117030108120 19/02/2018 |
| 2016-17 | 2-7(3) | 1680 | ജെ ജെ മെറ്റൽഫാബ്സ് | 117030107628 31/01/2018 |
| 2016-17 | 2-7 (6) | 960 | വെട്ടിക്കാട് പ്ലാസ്റ്റിക് | 117030107351 18/01/2018 |
| 2016-17 | 2-7(7) | 960 | എ സി ഇൻഡസ്ട്രീസ് | 117030107350 18/01/2018 |
| 2016-17 | 2-7(14) | 8550 | ചാക്കേരി ഇൻഡ്സ്ട്രീസ് | 117030108829 -03/03/2018 |
| 2016-17 | 2-7(20) | 7200 | ടീസൺ ട്രേഡേഴ്സ് ലി | 117030107217 12/01/2018 |
| 2016-17 | 2-7 (22) | 5760 | മാതാ പൗഡർകോട്ടിംഗ് | 117030107323 17/01/2018 |
| 2016-17 | 2-7(24) | 4500 | എസ് കെ ഓർണമെൻറ്സ് | 117030107620 30/01/2018 |
| 2016-17 | 2-7(25) | 6270 | സൺഷൈൻ പൈപ്പ്സ് | 117030107226 12/01/2018 |
| 2016-17 | 2-8 (4) | 400 | കരുണാകരൻ | 117030107001 05/01/2018 |
| 2016-17 | 2-9 (4) c | 460 | സി കെ പ്ലാസ്റ്റിക് | 117030108054 15/02/2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2015-16 | 2-5 | 2016-17 | തൊഴിൽ നികുതി | പരിഹരിച്ചു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61148277 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70889761 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1113500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 256500 | കെ.ബി .രെജി, സെക്രട്ടറി |
| 3-3 | 425000 | കെ.ബി .രെജി, സെക്രട്ടറി |
| 3-7 | 432000 | സൈമി .ടി.വി, ഹെഡ്മിസ്ട്രസ്സ്. ജി.യു.പി.എസ്,വരടിയം |
| ആകെ | 1113500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1975-76, | എൽ.എഫ്.ടി.എസ്.2-902/11/28.10.11/ 06.12.11 |
| 76-77, | |
| 77-78, | |
| 78-79, | |
| 79-80, | |
| 80-81 | |
| 81-82 | |
| 82-83 | |
| 83-84 | |
| 84-85 | |
| 88-89 | |
| 89-90 | |
| 92.93 | |
| 93-94 | |
| 94-95 | |
| 95-96 | എൽ.എഫ്.ടി.എസ്.2-902/11/28.10.11/ 06.12.11 |
| 96-97 | എൽ.എഫ്.ടി.9-113/97/15.06.98 /15.09.98 |
| 97-98 (ചെലവ്) | എൽ.എഫ്.ടി.21-1243/98 /12.01.99 |

| | |
|---|---|
| 97-98 (വരവ്) | എൽ.എഫ്.ടി.21-1130/02/09.12.02 /28.03.03 |
| 98-99 | എൽ.എഫ്.ടി.12-1131/02/13.12.02 /28.03.03 |
| 99-2000 (പ്ലാൻ) | എൽ.എഫ്.ടി.12-921/03/15.11.03 /13.01.04 |
| 99-00 (പ്ലാൻ ഒഴികെ) | എൽ.എഫ്.ടി.12-242/06/04.08.06/ 08.12.06 |
| 00-01, 01-02 (പ്ലാൻ) | എൽ.എഫ്.ടി.12-1574/03/ 08.02.04/ 21.05.04 |
| 02-03 | എൽ.എഫ്.ടി.12-774/02/07.10.06 /17.11.06 |
| 03-04 | എൽ.എഫ്.ടി.12- 2852/06/18.05.07/ 09.11.07 |
| 04-05 | എൽ.എഫ്.ടി.12-1795/08/29.05.10 |
| 05-06 | എൽ.എഫ്.ടി.12-1799/08/29.05.10 |
| 06-07 | എൽ.എഫ്.ടി.പി.6-234/11/29.11.11 |
| 07-08, 08-09, 09-10 | എൽ.എഫ്.ടി.പി.6-235/11/29.11.11 |
| 10-11 | എൽ.എഫ്.ടി.പി.3-2121/11/28.02.12 |
| 11-12 | എൽ.എഫ്.ടി.(പി.3)1264/13 തീയതി 05.12.13/20.01.14 |
| 12-13 | എൽ.എഫ്.ടി.പി.3-2170/13/11.02.14 /14.05.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.പി.3-1953/14 /14.07.15/13.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.3-632/16 /26-05-2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.3-2103/16 /17-12-2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി3)1371/17 |

| | |
|---|---|
| | /10.11.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അവണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അവണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & | സംക്ഷിപ്തം (Audited Abstract) |

| | |
|---|---|
| എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ